# കേരളാ സ്റ്റേറ്റ്
# എക്സൈസ് സ്റ്റാഫ് അസോസിയേഷൻ
**ജില്ലാകമ്മറ്റി, മലപ്പുറം, രജിസ്റ്റർ നമ്പർ 263/88**

**<u>സർക്കുലർ നമ്പർ 8/2016-17</u>**

സുഹൃത്തെ,

അസോസിയേഷന്റെ ജില്ലാകമ്മറ്റി യോഗം 16.03.2017 ന് രാവിലെ 10 മണിക്ക് ജില്ലാ പ്രസിഡന്റ് കെ. പ്രദീപ്കുമാറിന്റെ അധ്യക്ഷതയിൽ മലപ്പുറം എക്സൈസ് ഭവനിൽ വെച്ച് ചേർന്നു. ഇന്ത്യൻ ദലിത് ചിന്തകൻ ഡോ. കൃഷ്ണ കിർവാലയുടെ നിര്യണത്തിൽ യോഗം അനുശോചനം രേഖപ്പെടുത്തി.

കഴിഞ്ഞ ജില്ലാ കമ്മറ്റി കാലയളവിന് ശേഷം നടത്തിയ പ്രവർത്തനങ്ങളെ കുറിച്ച് സെക്രട്ടറി ശ്രീ. വി.കെ. സുരജ് റിപ്പോർട്ട് അവതരിപ്പിച്ചു. ഫെബ്രവുരി മാസത്തിൽ നടന്ന മുൻകാല സംഘടനാ പ്രവർത്തകനായ ശ്രീ. ടി.വി. മധുസൂദനന് നൽകിയ യാത്രയയപ്പ് ചടങ്ങ് മുഖ്യാതിഥിയുടെ പ്രഭാഷണം കൊണ്ടും നിറഞ്ഞ സദസ്സിനാലും സമ്പന്നമായെന്ന് വിലയിലുത്തി. ജില്ലയിൽ വിമുക്തി പദ്ധതി സംസ്ഥാനത്ത് തന്നെ മാതൃകയാകുന്ന പ്രവർത്തനങ്ങളിലൂടെ ശ്രദ്ധേയമായെന്നും റിപ്പോർട്ടിൽ പറഞ്ഞു. വഴിക്കടവ് എക്സൈസ് ചെക്ക്പോസ്റ്റ് പുതിയ മൊഡ്യൂളിലേക്ക് മാറ്റി സ്ഥാപിച്ചതും അവിടെ ജീവനക്കാർക്ക് പ്രാഥമിക ആവശ്യങ്ങൾ നിർവ്വഹിക്കാനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്താൻ സ്വീകരിച്ച നടപടികളെ കുറിച്ചും റിപ്പോർട്ടിൽ വിശദീകരിച്ചു. ജില്ലാതല വെൽഫയർ ഫണ്ട് സ്വരൂപിക്കുന്നതിന് സംസ്ഥാന കമ്മിറ്റി അനുമതി നൽകിയതായി പ്രസിഡന്റ് ശ്രീ.കെ. പ്രദീപ്കുമാർ യോഗത്തെ അറിയിച്ചു. എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളിൽ മികച്ച നേട്ടം ജില്ല കൈവരിച്ചിട്ടുണ്ടെന്നും ഇതിൽ ഭാഗവാക്കായ ഓരോ എക്സൈസ് ജീവനക്കാരനെയും പ്രത്യേകം അനുമോദിക്കുന്നുവെന്നും പ്രദീപ്കുമാർ പറഞ്ഞു.

സംഘടന ആവശ്യപ്പെട്ട അസി. എക്സൈസ് ഇൻസ്പെക്ടറായി ഗ്രേഡ് പ്രൊമോഷൻ ലഭിക്കുന്നതിന് 22 വർഷം പൂർത്തിയായാൽ മതിയെന്ന ഉത്തരവ് ഇറങ്ങിയതിനെ കുറിച്ചും സർക്കിൾ ഓഫീസുകൾ അനുവദിച്ചതിനെ കുറിച്ചും സംസ്ഥാന ജനറൽ സെക്രട്ടറി ശ്രീ. കെ. രാമകൃഷ്ണൻ വിശദീകരിച്ചു. ഈ വർഷം നടപ്പിലാക്കുന്ന അബ്കാരി പോളിസിയെകുറിച്ച് സർക്കാർ സംഘടനയോട് നിർദ്ദേശങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ടെന്നും ആയത് ജില്ലാ കമ്മിറ്റികൾ ചർച്ച ചെയ്ത് സംസ്ഥാന കമ്മിറ്റിയെ അറിയിക്കണമെന്നും അദ്ദേഹം പറഞ്ഞു. തുടർന്ന് മേൽ റിപ്പോർട്ടുകളിലും ഭാവി പരിപാടികളെ കുറിച്ചും നടത്തിയ വിശമായ ചർച്ചക്കൊടുവിൽ താഴെ പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു.

**<u>തീരുമാനങ്ങൾ</u>**

1) ഈ മാർച്ച് 31-ന് സർവ്വീസിൽ നിന്നും വിരമിക്കുന്ന നിലമ്പൂർ റെയ്ഞ്ചിലെ അസി. എക്സൈസ് ഇൻസ്പെക്ടർ (ഗ്രേഡ്) ശ്രീ. പി.എസ്. വിജയന് മാർച്ച് 27-ന് സമുചിതമായ യാത്രയയപ്പ് നൽകാൻ തീരുമാനിച്ചു.

2) പ്രസ്തുത ചടങ്ങിൽ പുതുതായി സ്വരൂപികരിക്കുന്ന ജില്ലാ വെൽഫയർ ഫണ്ടിലേക്ക് ആദ്യ സംഭാവന ഏറ്റുവാങ്ങാൻ തീരുമാനിച്ചു.

3) സംസ്ഥാന വെൽഫയർ ഫണ്ട് 100/-രൂപയും ജില്ലാ വെൽഫയർ ഫണ്ട് 200/-രൂപയും ഏപ്രിൽ ആദ്യവാരത്തിൽ തന്നെ പിരിച്ചെടുക്കാൻ തീരുമാനിച്ചു.

യോഗം ഉച്ചക്ക് 2.00 മണിക്ക് അവസാനിച്ചു.

മലപ്പുറം
16.03.2017

അഭിവാദനങ്ങളോടെ,

വി.കെ. സുരജ്
ജില്ലാ സെക്രട്ടറി